**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1571** **01.11.2019 ലെ മറുപടിക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് സംരക്ഷണം നൽകുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം | ശ്രീ.വി.എസ് സുനിൽകുമാർ<br>കൃഷി വകുപ്പ് മന്ത്രി |
| (എ) ഈ വർഷം അവസാനം നിലവിൽ വരുമെന്ന് കരുതുന്ന മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ സംസ്ഥാനത്തെ കാർഷിക മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി)പ്രസ്തുത കരാർ കാർഷിക ഉപജീവന മാർഗ്ഗങ്ങളുടെ തകർച്ചക്ക് ആക്കം കൂട്ടുമെന്നും സുഗന്ധവിളകൾ ഉൾപ്പെടെയുള്ള വിളകൾ ഉല്പാദിപ്പിക്കുന്നവരെ പ്രതികൂലമായി ബാധിക്കുമെന്നുമുള്ള കർഷകരുടെ ആശങ്ക വസ്തുതാപരമല്ലേ; | (എ) & (ബി) പാർലമെന്റിൽ പോലും ചർച്ച ചെയ്യാതെയും സംസ്ഥാനങ്ങളെയും പൊതുജനങ്ങളെയും വിശ്വാസത്തിലെടുക്കാതെയും മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിൽ (ആർ.സി.ഇ.പി) ഒപ്പുവെക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം വലിയ ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഒരുവിധ നിയന്ത്രണവും നികുതിയുമില്ലാതെ ഈ കരാറിലെ പങ്കാളിത്ത രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്ക് ഉൽപ്പന്നങ്ങളും സേവനങ്ങളും ഒഴുകി വന്നാൽ നമ്മുടെ കാർഷിക, ചെറുകിട വ്യവസായ, ക്ഷീര, മത്സ്യബന്ധന, ആരോഗ്യ മേഖലകൾ വലിയ തകർച്ചയെ നേരിടേണ്ടി വരും. ഭയാനകമായ തൊഴിൽ നഷ്ടവും സാമ്പത്തികവും സാമൂഹികവുമായ പ്രതിസന്ധിയും ആയിരിക്കും ഈ കരാറിന്റെ ഫലം.<br><br>ആർ.സി.ഇ.പി യുടെ ഭാഗമായി വരുന്ന അനിയന്ത്രിതമായ കാർഷികോൽപ്പന്ന ഇറക്കുമതി ആഭ്യന്തര കാർഷിക മേഖലയ്ക്ക് വെല്ലുവിളിയാകുമെന്ന് ഉറപ്പാണ്. കർഷകർ കടുത്ത മൽസരത്തെയും വൻ വില തകർച്ചയേയും നേരിടേണ്ടി വരും.<br><br>ന്യൂസിലാന്റ്, ഓസ്ട്രേലിയ എന്നീ വലിയ ക്ഷീരോൽപ്പാദക രാജ്യങ്ങൾ |

| | |
|---|---|
| | പങ്കാളികളാകുന്ന കരാർ ക്ഷീര മേഖലയിൽ വലിയ പ്രത്യാഘാതം സൃഷ്ടിക്കും. അനിയന്ത്രിതമായ പാൽ, പാൽ ഉൽപ്പന്ന ഇറക്കുമതി ക്ഷീര മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കും.<br>ലോകത്തിൽ ഏറ്റവും ഉയർന്ന വ്യാവസായിക വളർച്ച നേടിയ രാജ്യമാണ് ചൈന. കൂടുതൽ ചൈനീസ് ഉൽപ്പന്നങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ ഈ കരാറിന്റെ ആനുകൂല്യത്തിൽ ഇന്ത്യയിൽ എത്തുമ്പോൾ ഇന്ത്യൻ വ്യവസായ മേഖല, പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങൾ തകർച്ചയിലാകും.<br>കരാറിന്റെ ഭാഗമാകുന്ന ജപ്പാൻ ആവശ്യപ്പെട്ടിരിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ ഇന്ത്യയിൽ മരുന്ന് ഉൽപ്പാദന മേഖലയിലും വിത്തുൽപ്പാദന രംഗത്തും അവശ്യ സാധനമേഖലയിലും അനിയന്ത്രിത വിലക്കയറ്റം ഉണ്ടാകും.<br>ആസിയാൻ രാജ്യങ്ങളും ചൈനയും ജപ്പാനും ഇന്ത്യയുടെ മത്സ്യബന്ധന മേഖലയിൽ വമ്പൻ നിക്ഷേപങ്ങൾ നടത്തുന്ന സാഹചര്യം ഉണ്ടായാൽ അവരുടെ സമുദ്രോൽപ്പന്നങ്ങൾ ഇന്ത്യൻ കമ്പോളത്തിൽ ഒരു നിയന്ത്രണവും ഇറക്കുമതി ചുങ്കവും ഇല്ലാതെ യഥേഷ്ടം തള്ളുന്നതിന് ഇടയാക്കും. |
| (സി) എങ്കിൽ ഈ കരാറിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിനും അവരുടെ ഉല്പന്നങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) കാർഷിക,മൃഗസംരക്ഷണ, ക്ഷീര, മത്സ്യബന്ധന, വ്യവസായ, ആരോഗ്യ, ചെറുകിട വ്യവസായ വ്യാപാര മേഖലകളുടെ തകർച്ചയും അത് മൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിൽ ഏർപ്പെടുന്നത് മൂലം ഉണ്ടാവാൻ പോകുന്നത്. പാർലമെന്റിൽപ്പോലും ചർച്ച ചെയ്യാതെയും പൊതു ജനങ്ങളെ വിശ്വാസത്തിലെടുക്കാതെയും നിയന്ത്രണങ്ങളോ നികുതിയോ ഇല്ലാതെയും |

| | |
|---|---|
| | നടപ്പിലാക്കുവാൻ പോകുന്ന ആർ.സി.ഇ.പി കരാർ ഇന്ത്യൻ സമ്പദ്ഘടന തകർക്കും<br>ഈ സാഹചര്യത്തിൽ കരാറിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിന് കൃഷി വകുപ്പ് മുൻകൈയെടുത്ത് മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, വ്യവസായം എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോട് കൂടി 28.10.2019 ന് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ 3000 ൽ അധികം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിലും ധനകാര്യം, ജലവിഭവം, മത്സ്യബന്ധനം മൃഗസംരക്ഷണം, ക്ഷീരവികസനം, വ്യവസായം എന്നീ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിലും ആർ.സി.ഇ.പി കരാറും കേരളവും എന്ന വിഷയത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയും ബഹു.മുഖ്യമന്ത്രി ടി ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി.<br>ആർ.സി.ഇ.പി കരാറിൽ നിന്നും ഇന്ത്യ പിൻവാങ്ങണമെന്ന് കേരള നിയമസഭ 30.10.2019 ൽ ഏകകണ്ഠേന പ്രമേയം പാസാക്കുകയും ചെയ്തു. |

ഡെപ്യൂട്ടി സെക്രട്ടറി